**പതിനൊന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**
**2003 ജൂലായ് 31–ാം തീയതി വ്യാഴാഴ്ച**

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -22)

767)യാത്രി നിവാസുകളും, ടൂറിസ്റ്റ് കോംപ്ളക്സുകളും ലീസിന് നൽകുന്ന നടപടി
768)തീരപ്രദേശങ്ങളിലെ കുടിവെള്ള പദ്ധതികൾ
769)ആന്റിബയോട്ടിക്കിന്റെ അംശം കാണപ്പെട്ടതുമൂലം ചെമ്മീൻ തിരസ്ക്കരിച്ച സംഭവം
770)മൽസ്യസമ്പത്ത് വർദ്ധിപ്പിക്കാൻ നടപടി
771)ജലമേഖലയിൽ പത്താം പദ്ധതി ലക്ഷ്യംവച്ചിട്ടുള്ള പരിഷ്ക്കാരങ്ങൾ
772)റെയിൽവേ ലൈനുകളുടെ വൈദ്യുതീകരണം
773)വമ്പനാട്ട് കായലിൽ മൽസ്യ സങ്കേതം
774)ശുദ്ധജലം കുപ്പികളിലാക്കി വിൽക്കാൻ പദ്ധതി
775)മത്സ്യമേഖലയുമായി ബന്ധപ്പെട്ട ക്ഷേമപ്രവർത്തനങ്ങൾക്കായി പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ
776)ഒറ്റപ്പെട്ടതു വിദൂരമവുമായ ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടിക വർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിനായുള്ള പദ്ധതി
777)മത്സ്യഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ നടപടി
778)പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി നടപടി
779)കമാന്റ് ഏരിയ വികസന പദ്ധതി
780)കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ള കുടിവെള്ള പദ്ധതികൾ
781)ട്രൈബൽ ഹോസ്റ്റലുകളുടെ പ്രവർത്തനം സ്വകാര്യവത്ക്കരിക്കാനുള്ള തീരുമാനം
782) ജലം കുപ്പിയിലാക്കി വിൽക്കാനുള്ള പദ്ധതി
783) ഇലക്ട്രിസിറ്റി ബോർഡിന്റെ ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം
784) കേരള വാട്ടർ അതോറിറ്റിയിലെ പ്ലാന്റുകളിലെ ജലം വ്യവസായിക ആവശ്യത്തിന് നൽകാനുള്ള പദ്ധതി
785) വാട്ടർ അതോറിറ്റിയുടെ ചുമതല തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകുന്ന നടപടി.
786) മത്സ്യത്തൊഴിലാളി സമ്പാദ്യ ദുരിതാശ്വാസ പദ്ധതിയുടെ പ്രവർത്തനങ്ങൾ
787) സ്റ്റേഷനറി സാധനങ്ങളുടെ പർച്ചേയ്സ്
788) ഉൾനാടൻ മത്സ്യബന്ധനം മെച്ചപ്പെടുത്തുന്നതിന് നടപടി

**യാത്രി നിവാസുകളും, ടൂറിസ്റ്റ് കോംപ്ളക്സുകളും ലീസിന് നൽകുന്ന നടപടി**

*767. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**(എ) ഇൻഡ്യ ഗവൺമെന്റ് ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടുകൂടി സംസ്ഥാനത്ത് സ്ഥാപിക്കപ്പെട്ട യാത്രിനിവാസുകളും, ടൂറിസ്റ്റ് കോംപ്ളക്സുകളും സ്വകാര്യ വ്യക്തികൾക്ക് ലീസിന് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ ;**

(ബി) ഏതെല്ലാം യാത്രിനിവാസുകളും, ടൂറിസ്റ്റ് കോംപ്ളക്സുകളുമാണ് ലീസിന് നൽകുവാൻ ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത് ;

(സി) ലീസിന് വിട്ടുകൊടുക്കുവാൻ തീരുമാനിച്ച യാത്രി നിവാസുകളുടെ വാല്യൂ കണക്കാക്കുന്നതിനും ലീസ് ഡോക്കുമെന്റ് തയ്യാറാക്കുന്നതിനും ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏജൻസി ഏതാണെന്നും ഏതെല്ലാം യാത്രിനിവാസികളെ സംബന്ധിച്ച് ഏതെല്ലാം സംഗതികൾ തയ്യാറാക്കുവാനാണ് ഏൽപ്പിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ ;

(ഇ) സർക്കാർവക സ്ഥാപനങ്ങൾ എന്ന നിലയിൽ വാല്യൂ ചെയ്യുന്നതിന് പി.ഡബ്ള്യൂ.ഡി.യെ ചുമതലപ്പെടുത്താതിരുന്നത് എന്തുകൊണ്ടാണ് ;

(എഫ്) ചുമതലപ്പെടുത്തിയ സ്ഥാപനത്തെ ഏത് നിലയിലാണ് കണ്ടെത്തിയിട്ടുള്ളത് ; പ്രസ്തുത സ്ഥാപനത്തിന് നൽകേണ്ടുന്ന ഫീസ് സംബന്ധിച്ച ധാരണ എന്താണ് ?

ഉത്തരം

**പ്രൊഫ. കെ.വി. തോമസ് ( ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി):**

**(എ) ഉണ്ട്.**

(ബി) കൊണ്ടോട്ടി, മണ്ണാർക്കാട്, തിരുനെല്ലി എന്നിവിടങ്ങളിലെ യാത്രീനിവാസുകളും, ഗുരുവായൂർ, കാലടി എന്നിവിടങ്ങളിലെ ടൂറിസ്റ്റു കോംപ്ലക്സുകളും, അടൂരിലെ വഴിയോര വിശ്രമകേന്ദ്രവുമാണ്.

(സി) ഉണ്ട്.

(ഡി) ചൈന ആസ്ഥാനമായുള്ള ഐ.ഡി.എഫ്.സി. എന്ന ഏജൻസിയെയാണ് യാത്രീനിവാസ് കൊണ്ടോട്ടി, മണ്ണാർകാട്, തിരുനെല്ലി, വഴിയോര വിശ്രമകേന്ദ്രം-അടൂർ, ടൂറിസ്റ്റു കോംപ്ലക്സ്-ഗുരുവായൂർ, കാലടി എന്നിവ പാട്ടത്തിനു നൽകുന്നതിനുള്ള രേഖകളും, അവയുടെ അടിസ്ഥാനവില നിശ്ചയിക്കുന്നതുൾപ്പെടെയുള്ള മറ്റു കാര്യങ്ങളും തയ്യാറാക്കുക എന്നതാണ് ഈ ഏജൻസിയെ ഏൽപ്പിച്ചിട്ടുള്ള ജോലികൾ.

(ഇ) &(എഫ്) പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള 9 റെസ്റ്റുഹൗസുകൾ പാട്ട വ്യവസ്ഥയിൽ നൽകുന്നതിനാവശ്യമായ രേഖകൾ തയ്യാറാക്കിയതും, പ്രസ്തുത സ്ഥാപനങ്ങളുടെ മുഖവില നിശ്ചയിച്ചതും ചെന്നൈ ആസ്ഥാനമായുള്ള ഈ ഏജൻസിയായിരുന്നു. ഈ രംഗത്ത് വളരെ പ്രശസ്തമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനം എന്ന നിലയിലാണ് ടൂറിസം വകുപ്പ് ഈ ജോലി ടി ഏജൻസിയെ ഏൽപ്പിച്ചത്.

ഗവൺമെന്റ് ഉത്തരവുപ്രകാരം കൺസൾട്ടൻസി ചാർജ്ജിനത്തിൽ ഈ ഏജൻസിക്കു നൽകേണ്ട തുകയുടെ 50%, ലേലം കൈക്കൊണ്ടിരിക്കുന്ന സ്വകാര്യ ഏജൻസികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## തീരപ്രദേശങ്ങളിലെ കുടിവെള്ള പദ്ധതികൾ

*768. ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. സി.പി.എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തീരപ്രദേശങ്ങളിലെല്ലാം കുടിവെള്ളമെത്തിക്കാൻ പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതനുസരിച്ച് എവിടെയെല്ലാം കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട് ;

(സി) 2002-03 വർഷത്തിൽ എത്ര പദ്ധതികളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട് ;

(ഡി) ഇനിയും ശേഷിച്ച എത്ര സ്ഥലങ്ങളിൽ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാനുണ്ട് ;

(ഇ) ഇവ എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

**ശ്രീ. ടി.എം. ജേക്കബ് ( ജലവിഭവ വകുപ്പുമന്ത്രി) :**

(എ) ഉണ്ട്.

(ബി) ജല അതോറിറ്റിയുടെ ദക്ഷിണ മേഖലയിൽ അഞ്ചുതെങ്ങ് പ്രദേശത്തുള്ള മത്സ്യത്തൊഴിലാളികൾക്കുവേണ്ടി വക്കം-അഞ്ചുതെങ്ങ് ശുദ്ധജലവിതരണ പദ്ധതി, ആറാട്ടുപുഴ പഞ്ചായത്തിൽ തറയിൽകടവ്, കള്ളിക്കാട് എന്നിവിടങ്ങളിലും തൃക്കുന്നപ്പുഴ പഞ്ചായത്തിൽ ചതിയാങ്കരയിലും, കൂടാതെ മയ്യനാട്, പരവൂർ, തൃക്കടവൂർ, മൺട്രോത്തുരുത്ത്, നീണ്ടകര, ആലപ്പാട്, കരുനാഗപ്പള്ളി എന്നിവിടങ്ങളിലും പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. നെയ്യാറ്റിൻകര താലൂക്കിൽ പൂവാർ, കരുംകുളം, കോട്ടുകാൽ, വിഴിഞ്ഞം എന്നീ പഞ്ചായത്തുകളിലും തിരുവനന്തപുരം നഗരസഭാ പ്രദേശങ്ങളായ ശംഖുമുഖം, കഠിനംകുളം, ബീമാപ്പള്ളി തുടങ്ങിയ പ്രദേശങ്ങളിലും കുടിവെള്ളം എത്തിക്കുന്നുണ്ട്. മദ്ധ്യമേഖലയുടെ കീഴിൽ നാട്ടിക ഫിർക്കയിലുള്ള പത്തു പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്..

ഉത്തരമേഖലയിൽ കോഴിക്കോട് ഡിവിഷന്റെ കീഴിൽ പുതിയാപ്പ കടപ്പുറം ഭാഗത്ത് കുടിവെള്ളം പദ്ധതി നിലവിലുണ്ട്. ഇത് കോഴിക്കോട് ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമാണ്. കണ്ണൂർ ഡിവിഷന്റെ പേരിൽ ഈ പദ്ധതിപ്രകാരം മാടായിപ്പാറ ഫിഷർമെൻ കോളനിയിലും, അഴീക്കോട് ഫിഷർമെൻ കോളനിയിലും, ഓരോ ശുദ്ധജലവിതരണ പദ്ധതികൾ നിലവിലുണ്ട്. മലപ്പുറം ഡിവിഷനു കീഴിൽ ഇത്തരം പ്രത്യേക പദ്ധതികൾ നിലവിലുണ്ട്. മലപ്പുറം ഡിവിഷനു കീഴിൽ ഇത്തരം പ്രത്യേക പദ്ധതികൾ നിലവിലില്ലെങ്കിലും നിലവിലുള്ള പദ്ധതികളിൽ നിന്നും പൈപ്പ്ലൈൻ നീട്ടി തീരപ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നുണ്ട്.

(സി) കൊല്ലം ജില്ലയിൽ മൺട്രോത്തുരുത്ത് ശുദ്ധജലവിതരണ പദ്ധതിയും തിരുവനന്തപുരം ജില്ലയിൽ മഴവെള്ള ശേഖരണ ശുദ്ധജലവിതരണ പദ്ധതിയായ 'വർഷ' യുടെ 30 യൂണിറ്റുകൾ, നെയ്യാറ്റിൻകര താലൂക്കിലെ പൂവാർ, കരുംകുളം, കോട്ടുകാൽ, വിഴിഞ്ഞം എന്നീ പ്രദേശങ്ങളിലും പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളായ വിഴിഞ്ഞം പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ പൂർണ്ണമായും കുടിവെള്ളം എത്തിക്കുന്നതിനായി കേന്ദ്രഗവൺമെന്റിന്റെ കീഴിലുള്ള പി.എം.ജി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 125 ലക്ഷം രൂപയുടെ ഒരു പദ്ധതി പൂർത്തീകരിക്കുവാനുണ്ട്. കൂടാതെ, കൊല്ലം സർക്കിളിന്റെ കീഴിൽ ആലപ്പാട്, ക്ലാപ്പന, പഞ്ചായത്തുകളിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി അനുസരിച്ച് പണികൾ തുടങ്ങുവാനുണ്ട്.

ഒരുമനയൂർ കടപ്പുറം പദ്ധതിയും, എൻ.ഐ.സി. സഹായത്തോടെയുള്ള ഏരിനാട് മേഖലാ പദ്ധതിയും തൃശൂർ സർക്കിളിന്റെ പരിധിയിൽ ടെക്നോളജി മിഷൻ സ്കീമിൽ ഉൾപ്പെടുത്തി എടവിലങ്ങ് സ്കീമും പൂർത്തീകരിക്കേണ്ടതുണ്ട്.

(ഇ) ഫണ്ടിന്റേയും സ്ഥലത്തിന്റേയും ലഭ്യതയനുസരിച്ച് വിഴിഞ്ഞം പദ്ധതി 2004 മാർച്ചിലും ആലപ്പാട്, ക്ലാപ്പന പഞ്ചായത്തുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന രാജീവ്ഗാന്ധി കുടിവെള്ള പദ്ധതികൾ 2005-ാമാണ്ടോടുകൂടിയും പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഒരുമനയൂർ കടപ്പുറം പദ്ധതി, ഏരിക്കാട് മേഖലാ പദ്ധതി, എടവിലങ്ങാട് പദ്ധതി എന്നിവ 2004-05 വർഷങ്ങളിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ആന്റിബയോട്ടിക്കിന്റെ അംശം കാണപ്പെട്ടതുമൂലം ചെമ്മീൻ തിരസ്ക്കരിച്ച സംഭവം

*769. ശ്രീ. എൻ.ഡി. അപ്പച്ചൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. എ.കെ. മണി :
പ്രൊഫ. എ.ഡി. മുസ്തഫ :
ശ്രീ. ജോർജ് ജെ മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും കയറ്റി അയച്ച ചെമ്മീനിൽ ആന്റിബയോട്ടിക്കിന്റെ അംശങ്ങൾ കണ്ടതുകൊണ്ട് അത് തിരിച്ചയച്ച സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) സംസ്ഥാനത്തുനിന്നുള്ള എത്ര എക്സ്പോർട്ടർമാർ കയറ്റി അയച്ച ചെമ്മീനിൽ ആന്റിബയോട്ടിക്കിന്റെ അംശം കാണപ്പെട്ടു;

(സി) ആന്റിബയോട്ടിക്കിന്റെ അംശം കാണപ്പെട്ടതുമൂലം ചെമ്മീൻ തിരസ്ക്കരിച്ചതിന്റെ ഫലമായി സംസ്ഥാനത്തുള്ള ചെമ്മീൻ കയറ്റുമതിക്കാർക്ക് എന്തു നഷ്ടമുണ്ടായിട്ടുണ്ട് ;

(ഡി) ഇതിനെത്തുടർന്നു മീൻപിടുത്തക്കാർ കൊണ്ടുവരുന്ന ചെമ്മീനിൽ ആന്റിബയോട്ടിക്കിന്റെ അംശമില്ലെന്ന് ഉറപ്പുകൊടുത്തെങ്കിൽ മാത്രമേ കയറ്റുമതിക്കാർ ചെമ്മീൻ വാങ്ങുകയുള്ളു എന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ ;

(ഇ) ചെമ്മീനിൽ ആന്റിബയോട്ടിക്കിന്റെ അംശം അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധന നടത്തുവാനുള്ള സംവിധാനം സംസ്ഥാനത്ത് ഏതെല്ലാം മീൻപിടുത്ത കേന്ദ്രങ്ങൾക്കുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

**പ്രൊഫ. കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) :**

(എ) ഉണ്ട്.

.

(ബി) മൂന്ന്.

(സി) നഷ്ടം നിസ്സാരമാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്.

(ഡി) ചെമ്മീൻ കയറ്റുമതിക്കാർ ചെമ്മീൻ വാങ്ങുന്നത് നിർത്തിവച്ച അവസ്ഥ ഉണ്ടായിട്ടില്ല.

(ഇ) മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട്സ് ഡവലപ്മെന്റ് അതോറിറ്റിയുടെ മേൽനോട്ടത്തിൽ കൊച്ചിയിൽ ഇത്തരത്തിലുള്ള സുസജ്ജമായ ഒരു ലാബറട്ടറി സ്ഥാപിച്ചിട്ടുണ്ട്.

## മൽസ്യസമ്പത്ത് വർദ്ധിപ്പിക്കാൻ നടപടി

*770. ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതിനായി ഏതെങ്കിലും ഏജൻസികളുടെ സഹായം തേടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ ;

(സി) ഈ നടപടികൾ മൂലം മത്സ്യസമ്പത്തിലുണ്ടായ വർദ്ധനവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

**പ്രൊഫ. കെ.വി. തോമസ് (ഫിഷറീസും ടൂറിസവും വകുപ്പുമന്ത്രി) :**

________(എ) സംസ്ഥാനത്തെ സമുദ്ര മത്സ്യ സമ്പത്ത് വര്‍ദ്ധിപ്പിക്കുന്നതിനായി എല്ലാ വര്‍ഷവും മത്സ്യപ്രജനനകാലമായ മണ്‍സൂണ്‍ സീസണില്‍ ട്രോളിംഗ് നിരോധനം ഏര്‍പ്പെടുത്തി വരുന്നു.

സംസ്ഥാനത്തെ ഉള്‍നാടന്‍ മത്സ്യസമ്പത്ത് വര്‍ദ്ധിപ്പിക്കുന്നതിനായി 14 ജില്ലകളില്‍ മത്സ്യ കര്‍ഷക വികസന ഏജന്‍സികളും 6 ജില്ലകളില്‍ ഓരുജല മത്സ്യ കര്‍ഷക വികസന ഏജന്‍സികളും പ്രവര്‍ത്തിച്ചുവരുന്നു. ഈ ഏജന്‍സികള്‍ മുഖേന മത്സ്യ കര്‍ഷകരുടെ ക്ഷേമത്തിനായി വിവിധ പദ്ധതികള്‍ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നുണ്ട്.

(ബി) സംസ്ഥാനത്തെ ഉള്‍നാടന്‍ മത്സ്യസമ്പത്ത് വര്‍ദ്ധിപ്പിക്കുന്നതിനായി മത്സ്യകര്‍ഷക വികസന ഏജന്‍സി, ഓരുജല മത്സ്യകര്‍ഷക വികസന ഏജന്‍സി, അക്വാകള്‍ച്ചര്‍ ഡെവലപ്മെന്റ് ഏജന്‍സി എന്നിവ പ്രവര്‍ത്തിച്ചുവരുന്നു. 14 മത്സ്യകര്‍ഷക വികസന ഏജന്‍സികള്‍ മുഖാന്തിരം നടപ്പിലാക്കി വരുന്ന പദ്ധതികള്‍ ചുവടെ ചേര്‍ക്കുന്നു:

1. മത്സ്യകര്‍ഷകര്‍ക്ക് ആവശ്യമായ കുളങ്ങള്‍ നിര്‍മ്മിക്കുന്നതിന് പരമാവധി 40,000/- രൂപവരെ സബ്സിഡി നല്‍കുന്നു. പട്ടികജാതി/പട്ടികവര്‍ഗ്ഗ വിഭാഗത്തിന് 50,000/- രൂപയും മലമ്പ്രദേശങ്ങളില്‍ 37,000/- രൂപ, 46,875/- രൂപ എന്നിങ്ങനെ നല്‍കുന്നു.
2. കുളങ്ങള്‍ അഥവാ ടാങ്കുകള്‍ മത്സ്യകൃഷിക്ക് അനുയോജ്യമാക്കുന്നതിന് ഒരു ഹെക്ടറിന് പരമാവധി 6000/- രൂപയും പട്ടികജാതി/പട്ടികവര്‍ഗ്ഗ് വിഭാഗത്തിന് 15,000/- രൂപയും നല്‍കുന്നു.
3. മത്സ്യവിത്ത്, മത്സ്യാഹാരം, വളങ്ങള്‍ എന്നിവ വാങ്ങുന്നതിന് പരമാവധി 6000/- രൂപയും പട്ടികജാതി/പട്ടികവര്‍ഗ്ഗ വിഭാഗത്തിന് 5000/- രൂപ വരെയും ധനസഹായം നല്‍കുന്നു.
4. റണ്ണിംഗ് വാട്ടര്‍ ഫിഷ് കള്‍ച്ചറിനായി 4000/- രൂപവരെയും പട്ടികജാതി/പട്ടികവര്‍ഗ്ഗ വിഭാഗത്തിന് 5000/- രൂപവരെയും ധനസഹായം നല്‍കുന്നു.
5. എയറേറ്ററുകള്‍ വാങ്ങുന്നതിന് 12,500/- രൂപവരെ നല്‍കുന്നു.
6. സംയോജിത മത്സ്യകര്‍ഷകര്‍ക്കുള്ള ധനസഹായം ഹെക്ടറിന് പരമാവധി 16,000/- രൂപവരെയും, പട്ടികജാതി/പട്ടികവര്‍ഗ്ഗ വിഭാഗത്തിന് 20,000/- രൂപയും നല്‍കുന്നു.
7. ആറ്റുകൊഞ്ച്, ഫിന്‍ഫിഷ് എന്നിവയുടെ ഹാച്ചറികള്‍ സ്ഥാപിക്കുന്നതിന് 80,000/- രൂപവരെ ധനസഹായം നല്‍കുന്നു.
8. ഫിഷ്മീല്‍ സ്ഥാപിക്കുന്നതിന് 5 ലക്ഷം രൂപവരെ നല്‍കുന്നു.
9. അലങ്കാര മത്സ്യകൃഷി നടത്തുന്നതിന് ഹാച്ചറി ഉള്‍പ്പെടെ 1,50,000/- രൂപവരെ നല്‍കുന്നു.

ഓരുജല മത്സ്യകര്‍ഷക വികസന ഏജന്‍സി മുഖാന്തിരം നല്‍കുന്ന സബ്സിഡികള്‍ ചുവടെ ചേര്‍ക്കുന്നു.

1. നിര്‍മ്മാണ നവീകരണ പദ്ധതി.
2. ഇന്‍പുട്ട് സബ്സിഡിയായി പരമാവധി 3,000/- രൂപ ഹെക്ടര്‍ ഒന്നിന് നല്‍കുന്നു.
3. പരിശീലനം നല്‍കുന്നതിനുള്ള സഹായം ഒരു ദിവസത്തിന് 25/- രൂപയും യാത്രാബത്ത രണ്ടുദിവസത്തേക്ക് 140/- രൂപയും നല്‍കുന്നു.

സംസ്ഥാനത്തെ ചെമ്മീന്‍ കൃഷി വികസനം നടപ്പാക്കുന്നതിന് സംസ്ഥാന സര്‍ക്കാരിന്റെ നിയന്ത്രണത്തിലുള്ള അക്വാകള്‍ച്ചര്‍ ഡവലപ്മെന്റ് ഏജന്‍സി പ്രവര്‍ത്തിച്ചുവരുന്നു.

കേന്ദ്ര സര്‍ക്കാരിന്റേയും സംസ്ഥാനസര്‍ക്കാരിന്റേയും പദ്ധതിവിഹിതം ഉപയോഗിച്ച് പൊക്കാളി പാടശേഖരങ്ങളിലെ ചെമ്മീന്‍കൃഷി പദ്ധതി നടപ്പാക്കുന്നതിന് കുട്ടനാടന്‍ പാടശേഖരങ്ങളില്‍ ഒരു നെല്ലും ഒരു മീനും എന്ന പദ്ധതിയ്ക്ക് രൂപം നല്‍കിയിട്ടുണ്ട്. ഇത് അഡാക്ക് (അഉഅഗ) മുഖാന്തിരം നടപ്പാക്കുന്നതാണ്.

(സി) ഇല്ല.

(ഡി) പ്രസക്തമല്ല.

**<u>ജലമേഖലയില്‍ പത്താം പദ്ധതി ലക്ഷ്യംവച്ചിട്ടുള്ള പരിഷ്ക്കാരങ്ങള്‍</u>**

*771. ശ്രീ. പി. ജയരാജന്‍ :

ശ്രീ. മത്തായി ചാക്കോ :

ശ്രീ. വി. ചെന്താമരാക്ഷന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

**(എ) ജലമേഖലയില്‍ സംസ്ഥാനത്തിന്റെ പത്താം പദ്ധതി ലക്ഷ്യം വച്ചിട്ടുള്ള പരിഷ്ക്കാരങ്ങള്‍ വിശദമാക്കാമോ ;**

(ബി) ഈ പരിഷ്ക്കാരങ്ങള്‍ സംബന്ധിച്ച് ഏതെല്ലാം ഏജന്‍സികളാണ് നിര്‍ദ്ദേശങ്ങള്‍ നല്‍കിയിട്ടുള്ളത്;

(സി) നിലവിലുള്ള സംവിധാനത്തില്‍ മാറ്റം വരുത്തി നദികളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ജല മാനേജ്മെന്റ് സംവിധാനം ഏര്‍പ്പെടുത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ വിശദമാക്കാമോ ;

(ഡി) പ്രാദേശിക ഗവണ്‍മെന്റുകള്‍ക്ക് എന്തെല്ലാം ചുമതലകളും അധികാര അവകാശങ്ങളും വിട്ടുകൊടുക്കാനുദ്ദേശിക്കുന്നു എന്ന വിശദമാക്കാമോ ?

ഉത്തരം

**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി) :**

(എ) ജലമേഖലയിൽ സംസ്ഥാനത്തിന്റെ പത്താം പദ്ധതി ലക്ഷ്യം വച്ചിട്ടുള്ള പരിഷ്ക്കാരങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട് .

(ബി) ജലസേചന മേഖലയിൽ സർക്കാർ തലത്തിലുള്ള നിർദ്ദേശപ്രകാരമാണ് പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(സി) നദികളുടെ സംരക്ഷണത്തിനായി ഒരു റിവർബേസിൻ ഓർഗനൈസേഷൻ രൂപീകരിച്ച് പഠനം നടത്താൻ പത്താം പദ്ധതി ലക്ഷ്യമിട്ടിട്ടുണ്ട്. അതിന്റെ പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ഡി) തീരുമാനം എടുത്തിട്ടില്ല.

## റെയിൽവേ ലൈനുകളുടെ വൈദ്യുതീകരണം

*772. ശ്രീ. സി. മമ്മൂട്ടി :
ശ്രീ. യു.സി. രാമൻ :
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

________(എ) സംസ്ഥാനത്തെ റെയിൽവേ ലൈനുകൾ വൈദ്യുതീകരിക്കുന്നതിന് ആവശ്യമായ വൈദ്യുതി നൽകാൻ ഇന്നത്തെ നിലയിൽ ഇലക്ട്രിസിറ്റി ബോർഡിന് കഴിയുമോ ;

(ബി) ഇതിനായി എത്ര മെഗാവാട്ട് വൈദ്യുതി ദിവസവും നൽകേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിനുവേണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി ഏത് ഘട്ടംവരെയായി എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇപ്പോൾ വൈദ്യുതീകരിച്ച ലൈനുകളിലേക്ക് എത്ര വൈദ്യുതി നൽകുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ഇ) ഇനിയും കൂടുതൽ സ്ഥലങ്ങളിലേക്ക് വൈദ്യുതീകരണം വ്യാപിപ്പിക്കുമ്പോൾ ആവശ്യമായി വരുന്നതനുസരിച്ച് വൈദ്യുതി നൽകാമെന്ന് ബോർഡ് ഉറപ്പ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി) :**

_(എ) കഴിയും.

(ബി) ഇതിനായി 53.8 എം.വി.എ വൈദ്യുതി വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) ബോർഡിന്റെ നിലവിലുള്ള ഉല്പാദന കേന്ദ്രങ്ങളിൽ നിന്നുള്ള വൈദ്യുതിയും, വാങ്ങുന്ന വൈദ്യുതിയും ഉപയോഗിച്ച് ഈ ആവശ്യം നിറവേറ്റാൻ കഴിയും.

(ഡി) ഇപ്പോൾ പ്രതിമാസം ഏകദേശം 36 ലക്ഷം യൂണിറ്റ് വൈദ്യുതിയാണ് റെയിൽവേക്ക് നൽകുന്നത്.

(ഇ) ഉണ്ട്.

## വേമ്പനാട്ട് കായലിൽ മൽസ്യ സങ്കേതം

*773. ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എ.കെ. മണി :
ശ്രീ. എൻ. ശക്തൻ :
ശ്രീ. പി.ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേമ്പനാട്ട് കായലിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് മത്സ്യബന്ധനവകുപ്പ്, കാർഷിക സർവ്വകലാശാലയുമായി ചേർന്ന് എത്ര മൽസ്യ സങ്കേതം സ്ഥാപിച്ചു ; ഇതിന് എന്തു ചെലവുണ്ടായി ;

(ബി) പ്രസ്തുത സങ്കേതങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി എന്ന് പൂർത്തിയായി ; പ്രസ്തുത പദ്ധതി പൂർത്തിയായശേഷം അവയെ ഏത് വിധത്തിൽ പരിരക്ഷിക്കണമെന്നാണ് ഉദ്ദേശിച്ചിരുന്നത് ;

(സി) ഇപ്പോൾ അവ ആ വിധത്തിൽ പരിരക്ഷിക്കപ്പെടുന്നുണ്ടോ ;

(ഡി) പ്രസ്തുത സങ്കേതങ്ങളെ ഇപ്പോൾ ഏത് വിധത്തിൽ പ്രയോജനപ്പെടുത്തുന്നു ?

**ഉത്തരം**

**പ്രൊഫ. കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) :**

(എ) സംസ്ഥാന ഫിഷറീസ് വകുപ്പും കാർഷിക സർവ്വകലാശാലയും ആലപ്പുഴ, കോട്ടയം ജില്ല പഞ്ചായത്തുകളുമായി സഹകരിച്ച് വേമ്പനാട്ട് കായലിൽ 62.79 ലക്ഷം രൂപ ചെലവിൽ മത്സ്യ

സങ്കേതങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകുകയും പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള ചുമതല കേരള കാർഷിക സർവ്വകലാശാലയെ ഏൽപ്പിക്കുകയും ചെയ്തു. ഇതിനാവശ്യമായ ചെലവുകൾക്ക് ആദ്യഗഡുവായി 10 ലക്ഷം രൂപ സംസ്ഥാന ഫിഷറീസ് വകുപ്പ് കാർഷിക സർവ്വകലാശാലയ്ക്ക് കൈമാറി.

(ബി) കാർപ്പ് ഇനങ്ങളിൽപ്പെട്ട മറുനാടൻ മത്സ്യങ്ങളെ കായലിൽ വളർത്തുകയാണെങ്കിൽ അത് നാടൻ ഇനങ്ങളുടെ ഉന്മൂല നാശത്തിന് കാരണമാകുമെന്ന് അഭിപ്രായപ്പെട്ട് തദ്ദേശവാസികൾ ഈ പദ്ധതിയെ എതിർത്തു. തന്മൂലം നിർദ്ദിഷ്ട പദ്ധതി പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല. യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്തും ഫിഷറീസ് വകുപ്പും സംയുക്തമായി ജലകൃഷി വികസനത്തിനും ഗവേഷണത്തിനും വേണ്ടി സാങ്കേതികമായി പരിപാലിക്കാനാണ് ഉദ്ദേശിച്ചിരുന്നത്.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

## ശുദ്ധജലം കുപ്പികളിലാക്കി വിൽക്കാൻ പദ്ധതി

*774. ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ശുദ്ധജലം കുപ്പികളിലാക്കി വിൽക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് പദ്ധതി ഉണ്ടോ ;

(ബി) എങ്കിൽ കേരളത്തിൽ എവിടെയൊക്കെ ഫ്രാഞ്ചയ്സികൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) പ്രതിദിനം എത്ര ലിറ്റർ ജലം ഇത്തരത്തിൽ വിൽപ്പന നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിലൂടെ പ്രതിവർഷം എത്ര രൂപയുടെ ആദായം പ്രതീക്ഷിക്കുന്നുണ്ടെന്ന് അറിയിക്കാമോ ?

**ഉത്തരം**

**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി) :**

(എ) സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന്റേയും അധികവിഭവ സമാഹരണത്തിന്റേയും ഭാഗമായി ശുദ്ധീകരിച്ച ജലം കുപ്പിയിലും കന്നാസിലുമായി വിൽക്കുന്നതിനുള്ള ഒരു പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റി രൂപം നൽകുകയും സർക്കാരിന്റെ അനുമതിയോടെ നടപ്പാക്കാൻ തത്വത്തിൽ തീരുമാനിക്കുകയും ചെയ്തു. എന്നാൽ ഈ പദ്ധതി സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ബി) തീരുമാനം എടുത്തിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

## മത്സ്യമേഖലയുമായി ബന്ധപ്പെട്ട ക്ഷേമപ്രവർത്തനങ്ങൾക്കായി പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ

775. ശ്രീ. എം.എ. വാഹിദ് :താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് മത്സ്യമേഖലയുമായി ബന്ധപ്പെട്ട ക്ഷെമ പ്രവർത്തനങ്ങൾക്കായി എത്ര സ്ഥാപനങ്ങളാണ് സർക്കാരിന്റെ കിഴിൽ പ്രവർത്തിച്ചുവരുന്നത്;

(ബി) ഈ സ്ഥാപനങ്ങൾക്ക് ഒരു ഏകീകൃത സ്വഭാവം നിലവിലുണ്ടൊ;

(സി) ഉണ്ടെങ്കിൽ ഇത്തരം സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് ഒരു ഏജൻസിയുടെ കീഴിൽ കൊണ്ടുവരുന്ന കാര്യം പരിഗണിക്കുമോ?

**ഉത്തരം**

**പ്രൊഫ.കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ് എന്നീ രണ്ട് സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

(ബി) ഇല്ല.

(സി) കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യഫെഡ്, സ്പെഷ്യൽ സ്റ്റാറ്റ്യൂട്ട് വഴി പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ ഏകൊപിപ്പിച്ച് ഒരു ഏജൻസിയുടെ കീഴിൽ കൊണ്ടുവരാൻ കഴിയുകയില്ല.

## ഒറ്റപ്പെട്ടതും വിദൂരവുമായ ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടിക വർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിനായുളള പദ്ധതി

776. ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ
ശ്രീ. കെ. കെ. ജയചന്ദ്രൻ
ശ്രീ എം.വി. ജയരാജൻ
ശ്രീ കെ.വി. കുഞ്ഞിരാമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവകുപ്പുമന്ത്രിസദയം മറുപടി നൽകുമോ;

(എ) ഒറ്റപ്പെട്ടതും വിദൂരവുമായ ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടിക വർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിനായുളള പദ്ധതി സർക്കാർ ഇപ്പോൾ നടപ്പിലാക്കുന്നുണ്ടൊ;

(ബി) പുനരധിവാസത്തിനായി വീടും പറമ്പും നൽകുന്നതിനും തൊഴിലവസരങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്നതിനും ഉളള പദ്ധതിക്ക് നടപ്പുവർഷം ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട്;

(സി) എത്ര കുടുംബങ്ങളെ ഈ വർഷം ഈ പദ്ധതിയിൻകീഴിൽ പുനരധിവസിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ ഇനത്തിൽ കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷത്തിനുള്ളിൽ എന്തു തുക വീതം ചെലവഴിക്കുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ഡോ.എം.എ. കുട്ടപ്പൻ (പിന്നോക്ക-പട്ടികസമുദായക്ഷേമവകുപ്പുമന്ത്രി)**

(എ) ഇപ്പോൾ നടപ്പിലാക്കുന്നില്ല.
(ബി) ഈയിനത്തിൽ നടപ്പുവർഷം തുക വകയിരുത്തിയിട്ടില്ല.
(സി) ഉദിക്കുന്നില്ല.
(ഡി) 1998-99 - 2 ലക്ഷം
1999-2000 - 5 ലക്ഷം
2000-2001 - 90.81 ലക്ഷം വകയിരുത്തിയിരുന്നതിൽ18,20,476 രൂപ ചെലവ് ബാക്കി തുക പല ജില്ലകളിലെ ടി.പി. അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയും അത് പിന്നീട് മരവിപ്പിക്കുകയും ചെയ്തു.

## മത്സ്യഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ നടപടി

777. ശ്രീ. കെ. മോഹൻകുമാർ
ശ്രീ ലൂഡി ലൂയിസ്
ശ്രീ വർക്കല കഹാർ
ശ്രീ കെ.സി. വേണുഗോപാൽ
ശ്രീ വി.ഡി. സതീശൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മത്സ്യഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നു;

(ബി) മത്സ്യഫെഡിന്റെ പ്രവർത്തനത്തിൽ വൈവിദ്ധ്യവത്ക്കരണം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം നൽകുമോ?

**ഉത്തരം**

**പ്രൊഫ.കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) മത്സ്യഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. ഈ സാമ്പത്തികവർഷം മുതൽ വ്യക്തമായ വ്യാപാര പദ്ധതിയോടുകൂടിയുള്ള ബഡ്ജറ്റ് തയ്യാറാക്കി അംഗീകരിച്ച് അതിനനുസരിച്ച് വരവുചെലവുകൾ കൃത്യമായി അവലോകനം ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു.
2. ഔട്ട് ബോർഡ് എൻജിന്റെ ഇറക്കുമതി ജപ്പാൻ കമ്പനികളുമായി നേരിട്ട് സുതാര്യമായി നിർവ്വഹിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.
3. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനാവശ്യമായ വലകൾ മറ്റനുബന്ധ സാമഗ്രികൾ എന്നിവ സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

4. വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി പ്രാഥമിക സഹകരണ സംഘങ്ങളെ തെരെഞ്ഞെടുക്കുന്നതിന് ഓരോ സംഘങ്ങളുടെ പ്രവർത്തനം മാനദണ്ഡങ്ങൾക്ക് വിധേയമായി വിലയിരുത്തിവരുന്നു

(ബി) ഉണ്ട്.

(സി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു

**പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി നടപടി**

778. ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ ജോസഫ് എം. പുതുശ്ശേരി
ശ്രീ സ്റ്റീഫൻ ജോർജ്ജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെക്കുറിച്ചും അവരുടെ ജീവിത നിലവാരത്തെക്കുറിച്ചും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) ഇവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ ?.

**ഉത്തരം**

**പ്രൊഫ.കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്

(ബി) കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരത്തെക്കുറിച്ച് പഠിക്കുന്നതിന് 1990 ൽ ഫിഷറീസ് വകുപ്പ് ഒരു സർവ്വേത്തിയിട്ടുണ്ട്. കേരളത്തിൽ ആകെ 8.4 ലക്ഷം മത്സ്യത്തൊഴിലാളികൾ ഉണ്ടെന്നും അതിൽ 6.5 ലക്ഷം പേർ കടൽ മേഖലയിലും പ്രവർത്തിക്കുന്നുണ്ടെന്നും കണ്ടെത്തി. 1.3 ലക്ഷം മത്സ്യത്തൊഴിലാളി കുടുംബങ്ങളാണ് ഉളളത്. മത്സ്യത്തൊഴിലാളികളിൽ 53.7% പേർ 18 വയസ്സിനും 59 വയസ്സിനും ഇടയിലാണ്. സ്ത്രീ- പുരുഷ അനുപാതം 946: 1000 ആണ്. 39.81% പേർ വിവാഹിതരും 56.98% പേർ അവിവാഹിതരും മറ്റുളളവർ 3.21 ശതമാനവുമാണ്. 61 ശതമാനം പേരു സാക്ഷരരാണ്.. 94.73 ശതമാനം പേർക്ക് സ്വന്തം വീടും 52.88% പേർക്ക് സ്വന്തം കിണറുമുണ്ട്.

(സി) ഇവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് താഴെ ജറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു.

1. തീര സമൃദ്ധി
2. സമ്പാദ്യ സമാശ്വാസ പദ്ധതി
3. ഭവന നിർമ്മാണ പദ്ധതി
4. മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷുറൻസ്
5. മത്സ്യബന്ധന തുറമുഖങ്ങളുടെയും ഫിഷ് ലാന്റിംഗ് സെന്ററുകളുടെയും നിർമ്മാണവും നവീകരണവും
6. മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ അരോഗ്യ സുരക്ഷാ പദ്ധതി
7. നാടൻ വളളങ്ങൾക്ക് യന്ത്രം ഘടിപ്പിക്കാൻ ധനസഹായം
8. വല വാങ്ങുന്നതിന് ധനസഹായം

**കമാന്റ് ഏരിയ വികസന പദ്ധതി**

779. ശ്രീ. രാജു എബ്രഹാം
ശ്രീ.പി.സി ജോർജ്ജ്
ശ്രീ വി.കെ.സി. മമ്മത് കോയ
ശ്രീ കെ.കെ. ജയചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കമാന്റ് ഏരിയ വികസന പദ്ധതികളുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കമാന്റ് ഏരിയ വികസന അതോറിറ്റിയുടെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) കാർഷിക ഉല്പാദനത്തിൽ കമാന്റ് ഏരിയ വികസന പദ്ധതി കൊണ്ട് യാതൊരു നേട്ടങ്ങളും ഉണ്ടാക്കാൻ കഴിയുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ജനപങ്കാളിത്തത്തോടെ ഈ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>ഉത്തരം</u>**
**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പ്)**

(എ) ഉണ്ട്.

(ബി) പണി പൂർത്തീകരിച്ച ജലസേചന പദ്ധതി പ്രദേശങ്ങളുടെ സമഗ്രവികസനമാണ് കാഡയുടെ ലക്ഷ്യം. ഫീൽഡുകളിൽ ജലമെത്തിക്കുന്നതിനുള്ള ഫീൽഡുചാനൽ, ജല നിർഗ്ഗമനത്തിനുള്ള ഫീൽഡുഡ്രെയിലാന്റ് റിക്ളമേഷൻ പണികൾ, കൃഷി വിഭാഗത്തിൽ അഡാപ്ടീവ് ട്രയൽ, ഡമോൺസ്ട്രേഷൻ, കർഷകർക്കുള്ള പരിശീലന പരിപാടി, ചെറുകിട നാമമാത്ര കർഷകർക്കുള്ള സഹായം മണ്ണുസംരക്ഷണം എന്നിവയാണ് കാഡയുടെ പ്രവർത്തന മേഖലയിൽ വരുന്നത്.

(സി) ഇല്ല.

(ഡി) ജനപങ്കാളിത്തത്തോടുകൂടി തന്നെയാണ് ഇപ്പോൾ ഈ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടരിക്കുന്നത്.

**<u>കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ള കുടിവെള്ള പദ്ധതികൾ</u>**

780. ശ്രീ. വി.ജെ. പൗലോസ്
ശ്രീ സി.പി. മുഹമ്മദ്
ശ്രീമതി രാധാ രാഘവൻ
ശ്രീ. പി.ടി. തോമസ്
ശ്രീ ജോർജ് ജെ മാത്യു താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കുടിവെള്ള പദ്ധതികൾക്ക് കേന്ദ്രം ഏതെല്ലാം വിധത്തിലുള്ള സാമ്പത്തിക സഹായം നൽകുന്നുണ്ട്;

(ബി) ഇതിൽ കേരളത്തിന് ഏതെല്ലാം തരത്തിലുള്ള സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്;

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം കുടിവെള്ളത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ നിന്നും ലോണായും ഗ്രാന്റായും എത്ര തുക വീതം ലഭിക്കുകയുണ്ടായി;

(ഡി) കുടിവെള്ളം സംബന്ധിച്ച് എന്തെല്ലാം പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

**<u>ഉത്തരം</u>**
**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പ്)**

(എ) & (ബി) കുടിവെള്ള പദ്ധതികൾക്ക് കേന്ദ്രം വായ്പയായും ഗ്രാന്റായും സാമ്പത്തിക സഹായം നൽകുന്നുണ്ട്.

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം കുടിവെള്ളത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ നിന്നും ലോണായും ഗ്രാന്റായും 108.66 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ഡി) കേന്ദ്ര സരക്കാർ 2002-03 സാമ്പത്തിക വർഷം പ്രഖ്യാപിച്ച സ്വജൽ ധാരാ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്താനായി സംസ്താന സർക്കാർ നാളിതുവരെ 7519 ലക്ഷം രൂപ അടങ്കൽ തുകയുള്ള 554 ഗ്രാമീണ ചെറുകിട കുടിവെള്ള പദ്ധതികൾക്കുള്ള അപേക്ഷകൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 120 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

ട്രൈബൽ ഹോസ്റ്റലുകളുടെ പ്രവർത്തനം സ്വകാര്യവത്ക്കരിക്കാനുള്ള തീരുമാനം

781. ശ്രീ.ടി.പി. രാമകൃഷ്ണൻ
ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക്
പിന്നോക്ക-പട്ടികസമുദായക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കായി പട്ടികവർഗ്ഗ വികസന വകുപ്പുനടത്തിവരുന്ന ട്രൈബൽ ഹോസ്റ്റലുകളുടെ പ്രവർത്തനം സ്വകാര്യവത്ക്കരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടൊ; എങ്കിൽ സ്വകാര്യവത്ക്കരണ നിർദ്ദേശം സംബന്ധിച്ച് വിശദമാക്കുമോ;

(ബി) ഹോസ്റ്റലിലേക്കുള്ള കുട്ടികളുടെ പ്രവേശനം, കാലയളവ്, മിനിമം മാർക്ക് തുടങ്ങിയ കാര്യങ്ങളിൽ പുതിയ നിബന്ധനകൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടൊ;

(സി) എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ?

**ഉത്തരം**
**ഡോ.എം.എ. കുട്ടപ്പൻ (പിന്നോക്ക-പട്ടികസമുദായക്ഷേമവകുപ്പുമന്ത്രി)**

(എ) പട്ടിക വർഗ്ഗ വികസന വകുപ്പിൻ കീഴിലുള്ള ട്രൈബൽ ഹോസ്റ്റലുകൾ സ്വകാര്യവത്ക്കരിക്കാൻ തീരുമാനിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

**ജലം കുപ്പിയിലാക്കി വിൽക്കാനുള്ള പദ്ധതി**

782 ശ്രീ. കെ.പി.രാജേന്ദ്രൻ :

ശ്രീ. എം.കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുദ്ധീകരിച്ച ജലം കുപ്പിയിലാക്കി വിൽക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി)ഈ പദ്ധതിയുടെ നടത്തിപ്പിനായി സ്വകാര്യ പങ്കാളത്തം തേടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പടുത്തുമോ ?

<u>ഉത്തരം</u>

ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി )

(എ) & (ബി.) വരുമാന വർദ്ധനവിനും സാംപത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായും ശുദ്ധീകരിച്ച ജലം കുപ്പിയിലും കന്നാസിലുമാക്കി വിൽക്കുന്നതിനുള്ള ഒരു നിർദ്ദേശം കേരള വാട്ടർ അതോറിറ്റി പരിഗണിക്കുകയും സർക്കാർ അനുമതിയോടെ നടപ്പാക്കാൻ തത്വത്തിൽ തീരുമാനിക്കുകയും ചെയ്തു. എന്നാൽ ഈ പദ്ധതി സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനം എടുത്തിട്ടില്ല. .

(സി) ചോദ്യം ഉദിക്കുന്നില്ല.

**ഇലക്ട്രിസിറ്റി ബോർഡിന്റെ ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം**

783 ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. മത്തായി ചാക്കോ :

ശ്രീ. വി.കെ.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിന്റെ ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം ഡവലപ്പ് ചെയ്ത പരിപാടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) നിലവിലുള്ള ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റത്തിന്റെ പ്രധാനപ്പെട്ട പോരായ്മകൾ എന്തൊക്കെയാണ് ;

(സി) പത്തനംതിട്ട, കാസർഗോഡ്, മലപ്പുറം എന്നീ ജില്ലകളിലെ വിതരണശൃംഖല ശക്തിപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ അനുവദിച്ച പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ ; പദ്ധതിയെ സംബന്ധിച്ച വിശദവിവരം നൽകുമോ ;

(ഡി) പദ്ധതി പ്രവർത്തനം എത്ര ശതമാനം നടപ്പിൽവരുത്തുകയുണ്ടായി ; പദ്ധതിക്ക് വകയിരുത്തിയ തുക എത്ര ; ചെലവഴിച്ചതെത്രയെന്നറിയിക്കുമോ ?

<u>ഉത്തരം</u>

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി )** :

(എ) ഇലക്ട്രിസിറ്റി ബോർഡിന്റെ ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം മെച്ചപ്പെടുത്തുന്നതിനു വേണ്ടി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ മാസ്റ്റർ പ്ലാൻ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി 11 കെ.വി. അണ്ടർ ഗ്രൗണ്ട് കേബിൾ, ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ, റിംഗ് മെയിൻ യൂണിറ്റ് എന്നിവ സ്ഥാപിച്ചുവരുന്നു. തിരുവനന്തപുരത്ത് ഡിസ്ട്രിബ്യൂഷൻ ഓട്ടോമേഷൻ എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.

(ബി) നിലവിലുള്ള ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റത്തിന്റെ പ്രധാനപ്പെട്ട പോരായ്മകൾ താഴെ പറയുന്നവയാണ്.

1. കേടായതും കൃത്യതയില്ലാത്തതുമായ മീറ്ററുകൾ.
2. കുറഞ്ഞ വോൾട്ടേജും വോൾട്ടേജിലുള്ള വർദ്ധിച്ച വ്യതിയാനവും.
3. വൈദ്യുതി മോഷണം.
4. വർദ്ധിച്ച പ്രസരണവിതരണ നഷ്ടവും പ്രതികൂലമായ എൻ.റ്റി/എച്ച്.റ്റി. അനുപാതവും.
5. കുറഞ്ഞ പവർ ഫാക്ടർ.

6. വൈദ്യുതി വിതരണത്തിലുള്ള തടസ്സവും അവ പരിഹരിക്കുന്നതിലുള്ള കാലതാമസവും.

7. പരാതികൾ പരിഹരിക്കുന്നതിലുള്ള കാലതാമസം.

8. എം.ഐ.എസ്.-ന്റെ അപര്യാപ്തത.

9. കംപ്യൂട്ടർവൽക്കരണ സംവിധാനത്തിലെ പോരായ്മകൾ.

(സി) ഉണ്ട്. പത്തനംതിട്ട, മഞ്ചേരി, കാസർഗോഡ് എന്നീ ഇലക്ട്രിക്കൽ സർക്കിളുകൾ ഉൾപ്പെടുന്ന സർക്കിൾ സ്കീമുകളിലായി 8,92,000 സിംഗിൾ ഫേസ് മീറ്ററുകളും, 84,700 ത്രീ ഫേസ് മീറ്ററുകളും മാറ്റി വയ്ക്കുക, 1132 കി.മീ. 11 കെ.വി. ലൈൻ വലിയ്ക്കുക, 896 പുതിയ 100 കെ.വി.എ. ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, 5506 . ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ മീറ്ററുകൾ 9 കെ.വി.എ.ആർ. ലോ വോൾട്ടേജ് കപ്പാസിറ്ററുകൾ, 257 ഫീഡർ മീറ്ററുകൾ എന്നിവ സ്ഥാപിക്കുക, 5506 ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ 88 ഇലക്ട്രിക്കൽ സെക്ഷനുകൾ, 34 സബ് സ്റ്റേഷനുകൾ എന്നിവയുടെ കംപ്യൂട്ടർവൽക്കരണം, 34 സബ് സ്റ്റേഷനുകളുടെ നവീകരണം എന്നിവയാണ് മുഖ്യമായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനുവേണ്ടി 181..59 കോടി രൂപയാണ് കണക്കാക്കിയിരിക്കുന്നത്.

(ഡി) പദ്ധതി പ്രവർത്തനം ഏകദേശം 13% നടപ്പിൽവരുത്തുകയുണ്ടായി. 28% പ്രവർത്തനം നടത്താനുള്ള ടെണ്ടർ നടപടികൾ തുടങ്ങിക്കഴിഞ്ഞു. ബാക്കി പ്രവർത്തനങ്ങൾ 2004 മാർച്ചിനു മുൻപ് പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് ആകെ 181.59 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതുവരെ 23.29 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**<u>കേരള വാട്ടർ അതോറിറ്റിയിലെ പ്ലാന്റുകളിലെ ജലം വ്യവസായിക ആവശ്യത്തിന് നൽകാനുള്ള പദ്ധതി</u>**

784 ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയുടെ പ്ലാന്റുകളിൽ ശുദ്ധീകരിക്കുന്ന ജലം കുപ്പികളിലാക്കി വിൽക്കുന്നതിനായി സ്വകാര്യ മേഖലയ്ക്ക് അനുമതി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രതിദിനം എത്ര ലിറ്റർ ജലം എന്തു വിലവെച്ച് നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് എന്തെങ്കിലും സ്വകാര്യ കമ്പനിയുമായോ വ്യക്തിയുമായോ ചർച്ച് നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഏതൊക്കെ പ്ലാന്റിൽനിന്നുള്ള വെള്ളമാണ് പ്രസ്തുത ആവശ്യത്തിന് കൊടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ജലം വ്യവസായിക ആവശ്യത്തിനായി കൊടുക്കുമ്പോൾ ഉണ്ടാകുന്ന കുറവ് പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി_)**

(എ) വരുമാന വർദ്ധനവിനും സാംപത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായും ശുദ്ധീകരിച്ച ജലം കുപ്പിയിലും കന്നാസിലുമാക്കി വിൽക്കുന്നതിനുള്ള ഒരു നിർദ്ദേശം കേരള വാട്ടർ അതോറിറ്റി പരിഗണിക്കുകയും സർക്കാർ അനുമതിയോടെ നടപ്പാക്കാൻ തത്വത്തിൽ തീരുമാനിക്കുകയും ചെയ്തു. എന്നാൽ ഈ പദ്ധതി സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ബി.) പദ്ധതി സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല.

<u>(സി) ഇല്ല.</u>

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ജലം വ്യവസായിക ആവശ്യത്തിനായി കൊടുക്കുവാൻ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടില്ല.

**<u>വാട്ടർ അതോറിറ്റിയുടെ ചുമതല തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകുന്ന നടപടി</u>.**

785 ശ്രീ. എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിതരണവും, അവയുടെ നടത്തിപ്പും സംരക്ഷണവും ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുവാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ ഏല്പിക്കുവാൻ ഗവൺമെന്റ് നയപരമായി തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് നിലവിൽ എവിടെയെല്ലാമാണ് കേരള വാട്ടർ അതോറിറ്റിയുടെ ചുമതല തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകിയട്ടുള്ളത് ;

(സി) തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വാട്ടർ അതോറിറ്റിയുടെ ജോലികൾ കൈമാറുമ്പോൾ അവ നടത്തിക്കൊണ്ടുപോകാനുള്ള സാമ്പത്തിക വരുമാനം ത്രിതല പഞ്ചായത്ത് സമിതികൾക്ക് ഉണ്ടോയെന്ന് ഗവണ്മെന്റ് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഇപ്പോൾ സംസ്ഥാനത്ത് നിരവധി ഗ്രാമ പഞ്ചായത്തുകൾക്ക് കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകുവാൻ സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവപ്പെടുന്ന വിവരം ഗവണ്മെന്റ് പരിശോധിക്കുമോ ?

**ഉത്തരം**

**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി )**

(എ) 23.11.1998-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.) നംപർ 125/98/ഐ.ആർ.ഡി. പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഓരോ പഞ്ചായത്തിൽ മാത്രം ഒതുങ്ങുന്ന കേരളത്തിലൊട്ടാകെയുള്ള പ്രവർത്തനയോഗ്യമായ 1050 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ പരിപാലനത്തിനായി അതാത് പഞ്ചായത്തുകളെ ഏല്പിക്കുവാൻ സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇങ്ങനെ കൈമാറുന്ന പദ്ധതികളുടെ തുടർനടത്തിപ്പ് അറ്റകുറ്റപ്പണികൾ, പദ്ധതി വിപുലീകരണം, പുനരുദ്ധാരണം, വെള്ളത്തിന്റെ ഗുണനിലവാരനിയന്ത്രണം തുടങ്ങിയ എല്ലാ ചെലവുകളും നിലവിലുള്ള നിയമങ്ങൾക്കനുയോജ്യമായ ഭേദഗതികൾ കുടിവെള്ള തീരുവയുടെ ഘടനയിൽ വരുത്തിക്കൊണ്ട് സ്വന്തം ധനാഗമമാർഗ്ഗങ്ങളിൽ നിന്നും അതാത് പഞ്ചായത്തുകൾ നേരിടേണ്ടതാണ്.

(ബി) സംസ്ഥാനത്തൊട്ടാകെ 92 പഞ്ചായത്തുകളിലായി കേരള വാട്ടർ അതോറിറ്റിയുടെ 144 ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ തുടർ നടത്തിപ്പിനായി അതാത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) & (ഡി) ) 23.11.1998-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.) നംപർ 125/98/ഐ.ആർ.ഡി. പ്രകാരമാണ് കേരള വാട്ടർ അതോറിറ്റിയുടെ 1050 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറാൻ നടപടി സ്വീകരിച്ചിട്ടുള്ളത്. ഇങ്ങനെ കൈമാറുന്ന പദ്ധതികളുടെ തുടർന്നുള്ള എല്ലാ ചെലവുകളും അതാത് പഞ്ചായത്തുകൾ തന്നെ കണ്ടെത്തേണ്ടതാണ്. പഞ്ചായത്തുകളുടെ ധനാഗമമാർഗ്ഗങ്ങൾ പരിഗണിച്ചതിനു ശേഷമാണ് പ്രസ്തുത തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

**മത്സ്യത്തൊഴിലാളി സമ്പാദ്യ ദുരിതാശ്വാസ പദ്ധതിയുടെ പ്രവർത്തനങ്ങൾ**

786. ശ്രീ. എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി സമ്പാദ്യ ദുരിതാശ്വാസ പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം പ്രദേശങ്ങളിലാണ് നടപ്പിലാക്കിയിട്ടുള്ളത് ;

(സി) മുഴുവൻ മത്സ്യത്തൊഴിലാളികളേയും പ്രസ്തുത പദ്ധതിയിൻകീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്നത്തേക്ക് പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ പദ്ധതി എന്നു തുടങ്ങി ; ഇപ്പോൾ അംഗസംഖ്യ എത്ര ?

ഉത്തരം

**പ്രൊ.കെ.വി.തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ) :-**

(എ) ഉണ്ട്. ഈ പദ്ധതി 1991-92 കാലയളവിൽ കടൽ മത്സ്യത്തൊഴിലാളികൾക്കു മാത്രമാണ് നടപ്പാക്കിയത്. 2001-02 വർഷം മുതൽ ഉൾനാടൻ മത്സ്യത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തി ഈ പദ്ധതി നടപ്പാക്കി വരുന്നു. 2003-04 മുതൽ മത്സ്യ വിപണനവുമായി ബന്ധപ്പെട്ട അനുബന്ധ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾക്കു കൂടി പദ്ധതി ബാധകമായിട്ടുണ്ട്. ഇത്തരത്തിൽ മത്സ്യമേഖലയിലെ മുഴുവൻ തൊഴിലാളികളേയും പദ്ധതിയിൻകീഴിൽ കൊണ്ടുവരുന്നു. പദ്ധതി കാര്യക്ഷമമായിത്തന്നെ നടപ്പാക്കുന്നുണ്ട്.

(ബി) കടൽമത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോഡ്, മലപ്പുറം എന്നീ ജില്ലകളിൽ നടപ്പാക്കി വരുന്നു. ഉൾനാടൻ മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കിയിട്ടുണ്ട്.

(സി) മുഴുവൻ മത്സ്യത്തൊഴിലാളികളും ഇപ്പോൾതന്നെ പദ്ധതിയിൻ കീഴിലുണ്ട്.

(ഡി) ബാധകമല്ല.

(ഇ) പദ്ധതി 1991-92 വർഷം തുടങ്ങി. ഇപ്പോൾ 108605 പേർ അംഗങ്ങളാണ്.

**<u>സ്റ്റേഷനറി സാധനങ്ങളുടെ പർച്ചേയ്സ്</u>**

787 ശ്രീ. എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ലക്ഷം രൂപയുടെ സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയിട്ടുണ്ട് ;

(ബി) സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നത് മത്സരടെണ്ടറുകൾ മുഖേനെയാണോ അതോ ലോക്കൽ പർച്ചെയ്സ് മുഖേനെയാണോ ;

(സി) ടെണ്ടറുകൾ മുഖേനെയാണെങ്കിൽ വാങ്ങേണ്ട സാധനങ്ങളുടെ ക്വാളിറ്റി പരിശോധിച്ച് ബോധ്യപ്പെട്ട ശേഷമാണോ അതോ മത്സരടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ടു ചെയ്യുന്നവർക്കാണോ സ്റ്റേഷനറി സാധനങ്ങൾ സപ്ലൈ ചെയ്യാൻ അനുവാദം നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇപ്പോൾ സ്റ്റേഷനറിയിൽ നിന്നും ലഭിക്കുന്ന സാധനങ്ങൾ വിലകുറഞ്ഞതും ഗുണനിലവാരമില്ലാത്തതുമാണെന്നുമുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സ്റ്റേഷനറി സാധനങ്ങൾ നൽകുവാൻ ആർക്കൊക്കെയാണ് ഓർഡർ നൽകിയിട്ടുള്ളത് ;

(എഫ്) പ്രസ്തുത ഓർഡർ നൽകിയതിന്റെ മാനദണ്ഡം എന്താണെന്നും മത്സരടെണ്ടറുകൾ മുഖേനെയാണെങ്കിൽ ടെണ്ടറിൽ ഓരോ ട്രേഡിംഗ് കംപനിക്കാരും ക്വാട്ട് ചെയ്ത തുക എത്രവീതമാണെന്നും വെളിപ്പെടുത്തുമോ ;

(ജി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സ്റ്റേഷനറി സാധനങ്ങൾ ലോക്കൽ പർച്ചേയ്സ് നടത്തിയിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ എത്ര ലക്ഷം രൂപയുടെ പർച്ചേയ്സ് നടത്തിയിട്ടുണ്ട് ;

(ഐ) ഈ പർച്ചേയ്സിന്റെ മാനദണ്ഡമെന്താണെന്നും ആരിൽ നിന്നെല്ലാമാണ് ലോക്കൽ പർച്ചേയ്സ് നടത്തിയതെന്നും വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

**ഡോ.എം.എ.കുട്ടപ്പൻ (പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി)**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2003 ജൂൺവരെ 18,93,77,000/ രൂപയുടെ സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയിട്ടുണ്ട് നടത്തുകയുണ്ടായി.

(ബി.) സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നത് മത്സരടെണ്ടറുകൾ മുഖേനെയാണ്.

(സി) സ്റ്റോർ പർച്ചേയ്സ് മാനുവലിലെ 34 മുതൽ 45 വരെയുള്ള ഖണ്ഡികകളിലെ നിബന്ധനകൾ പാലിച്ചാണ് സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നത്. മത്സരടെണ്ടറുകൽ മുഖേനെ സാധനങ്ങൾ വാങ്ങുമ്പോൾ ഏറ്റവും കുറഞ്ഞ നിരക്കും, ക്വാളിറ്റിയും, സ്പെസിഫിക്കേഷനും കൂടി പരിഗണിച്ചാണ് സാധനങ്ങൾ സപ്ലൈ ചെയ്യാൻ അനുവാദം നൽകുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ)ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഓർഡർ നൽകിയ കംപനികളുടെ ലിസ്റ്റ് അനുബന്ധം -1 ൽ കൊടുത്തിരിക്കുന്നു.

(എഫ്) സ്റ്റോർ പർച്ചേയ്സ് മാനുവലിലെ 34 മുതൽ 45 വരെയുള്ള ഖണ്ഡികകളിലെ നിബന്ധനകൾ പാലിച്ചാണ് സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നത്. ടെണ്ടറിൽ ഓരോ ട്രേഡിംഗ് കംപനിക്കാരും ക്വാട്ട് ചെയ്ത തുക എത്രയാണെന്നുളല വിവരം അനുബന്ധം-2,3,4ൽ കൊടുത്തിരിക്കുന്നു.

(ജി) സ്റ്റേഷനറി വകുപ്പ് ലോക്കൽ പർച്ചേയ്സ് നടത്തിയിട്ടില്ല.

(എച്ച്) ബാധകമല്ല.

(ഐ) ബാധകമല്ല.

**<u>ഉൾനാടൻ മത്സ്യബന്ധനം മെച്ചപ്പെടുത്തുന്നതിന് നടപടി</u>**

788. ശ്രീ. എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായൽമലിനീകരണം, വിസ്തൃതിയിലുണ്ടായിട്ടുള്ള കുറവ്, വിവേചനരഹിതമായ മത്സ്യബന്ധനം എന്നീ കാരണങ്ങളാൽ ഉൾനാടൻ മത്സ്യ ബന്ധനം നേരിടുന്ന വിപത്ത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉൾനാടൻ മത്സ്യ ബന്ധനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

<u>ഉത്തരം</u>

**പ്രൊഫ.കെ.വി.തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ) :-**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മത്സ്യ സംപത്തിന്റെ അമിത ചൂക്ഷണം, കായൽ ജലസമ്പത്തിന്റെ വിസ്തൃതിയിലുള്ള ശോഷണം, ജലമലിനീകരണം, വിനാശകരമായ മത്സ്യബന്ധനരീതികൾ, കണ്ടൽ കാടുകളുടെ തിരോധാനം, പരിസ്ഥിതി പ്രശ്നങ്ങൾ, ഏകീകൃത നിയമത്തിന്റെ അഭാവം എന്നിവയാണ് ഉൾനാടൻ മത്സ്യ ബന്ധനം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. ഇവയുടെ പരിഹാരമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വിഭവ ശേഷി കണക്കിലെടുത്ത് മത്സ്യ ബന്ധനം ക്രമപ്പെടുത്തുന്നതിനും അമിത ചൂഷണം തടയുന്നതിനും ആവശ്യമായ നിയമങ്ങൾ ഉൾക്കൊളളിച്ചുകൊണ്ടുളള ഒരു ഏകീകൃത ഉൾനാടൻ മത്സ്യബന്ധന നിയമം എത്രയും പെട്ടെന്ന് ആവിഷ്കരിക്കുന്നതിനുളള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.